നമ്പർ ഇഇ(2)70/2013

കേരള സർക്കാർ
കൃഷി വകുപ്പ്

## ദർഘാസ് പരസ്യം

കേരള ഗവർണർക്കു വേണ്ടി കോഴിക്കോട് ഉത്തര മേഖല കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള പൊതുമരാമത്ത്/ ജലവിഭവ വകുപ്പിലെ അംഗീകൃത കരാറു കാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ പ്രവർത്തിയുടെ പേരെഴുതി മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ്സുകൾ 20.02.2014ന് വൈകുന്നേരം 3 മണി വരെ സ്വീകരിക്കുന്നതും, അന്നേ ദിവസം 3.30 മണിയ്ക്ക് എക്സിക്യൂട്ടിവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപ്പോൾ സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ടി ദിവസം പൊതു അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കു ന്നതും തുറക്കുന്നതുമായിരിക്കും. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ദർഘാസ് നമ്പർ. | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും. | നിരത ദ്രവ്യം രൂ. | ദർഘാസ് പ്രമാണ ത്തിന്റെ വില | പ്രവർത്തി ചെയ്തു തീർക്കേണ്ട കാലാവധി. |
|---|---|---|---|---|
| EE(2) 70/2014 | സുൽത്താൻ ബത്തേരി റൂറൽ അഗ്രിക്കൾച്ചറൽ ഹോൾസെയിൽ മാർക്കറ്റിൽ ഡോർമെറ്ററിയുടെ അറ്റകുറ്റ പ്പണികളും ടോയ്ലെറ്റ്, ഫ്ളോറിംഗ് എന്നിവയുടെ പ്രവർത്തികളും. Rs. 3,30,000/- | 8,300/-രൂപ | 700/- രൂപ + വാറ്റ് | 6 മാസം |
| EE(2) 71/2014 | മഠനന്തവാടിയിൽ ലേല നടത്തിപ്പിനാ യുള്ള സബ് സെന്റർ നിർമ്മാണം. Rs. 7,90,000/- | 19,800/-രൂപ | 1500 രൂപ + വാറ്റ് | 6 മാസം |
| EE(2) 72/2014 | സുൽത്താൻ ബത്തേരി റൂറൽ അഗ്രിക്കൾച്ചറൽ ഹോൾസെയിൽ മാർക്കറ്റിൽ ഗസ്റ്റ് ഹൗസ് നിർമ്മാണം. Rs. 14,00,000/- | 35,000/-രൂ പ | 2,100/-രൂപ + വാറ്റ് | 12 മാസം |
| EE(2) 73/2014 | സുൽത്താൻ ബത്തേരി റൂറൽ അഗ്രിക്കൾച്ചറൽ ഹോൾസെയിൽ മാർക്കറ്റിൽ സെമിനാർ ഹാളിന്റെ അറ്റകുറ്റ പ്രവർത്തികളും ഫ്ളോർ ടൈലിംഗും. Rs. 1,00,000/- | 2,500/-രൂപ | 400/- രൂപ + വാറ്റ് | 2 മാസം |

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയ ത്തിൽ നിന്നും 20.02.2014 ഉച്ചയ്ക്ക് ഒരു മണി വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില രൊക്കം പണമായടച്ച് തപാൽമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ മേൽപറഞ്ഞ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറുവാൻ പാടില്ലാത്തതുമാകുന്നു. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. അംഗീകൃത ബാങ്കിൽ നിന്നും കോഴിക്കോട് കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിലടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ പ്രവർത്തികൾക്ക് ദർഘാസ് സമർപ്പിക്കുമ്പോൾ 100/- രൂപയുടെ മുദ്രപത്രത്തിൽ ഒരു പ്രാഥമിക ഉടമ്പടി വയ്ക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ സർക്കാർ നിബന്ധനകളും നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും.

കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയർ
(കേരള ഗവർണ്ണർക്കു വേണ്ടി)

കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം,
റീജിനൽ ഓഫിസ്, പുതിയറ. പി.ഒ.,
കോഴിക്കോട്-4. തീയതി 30.01.2014.
ഫോൺ : 04952725354